കേരള സർക്കാർ

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- 2000 ലെ ശബ്ദമലിനീകരണം (ക്രമീകരണവും നിയന്ത്രണവും) ചട്ടത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുവെന്ന് നിരീക്ഷിച്ച് ഉറപ്പുവരുത്താൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.1475/2022/HOME തീയതി,തിരുവനന്തപുരം, 26-05-2022

---

പരാമർശം:- 1. 2000 ലെ ശബ്ദമലിനീകരണം (ക്രമീകരണവും നിയന്ത്രണവും) നിയമം

2. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 27-04-2022 ലെ CRMP No:1553/02/LA1/2022/KeSCPCR & CRMP No:8362/02/LA1/2019/KeSCPCR എന്നീ നമ്പർ ഉത്തരവുകൾ

**ഉത്തരവ്**

സംസ്ഥാനത്തെ ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ തുടങ്ങി വിവിധ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങളിലും /പ്രാർത്ഥനാ യോഗങ്ങളിലും ഉത്സവ പറമ്പുകളിലും മറ്റ് മതപരമായ ചടങ്ങുകളിലും ഉച്ചഭാഷിണികൾ/മൈക്രോഫോണുകൾ/മറ്റ് വാദ്യോപകരണങ്ങൾ തുടങ്ങിയവ ഉപയോഗിക്കുന്നത് 2000- ലെ ശബ്ദമലിനീകരണം (ക്രമീകരണവും നിയന്ത്രണവും) നിയമത്തിലെ വ്യവസ്ഥകളനുസരിച്ചാണെന്ന് നിരീക്ഷിച്ച് ഉറപ്പ് വരുത്തുന്നതിനാവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കാൻ പരാമർശം (2) പ്രകാരം ബാലാവകാശ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ ശബ്ദമലിനീകരണം സംബന്ധിച്ച് കോടതി ഉത്തരവുകളും നിയമങ്ങളും ഉണ്ടെങ്കിലും പലയിടത്തും പാലിക്കപ്പെടുന്നതായി കാണുന്നില്ല . ഉച്ചഭാഷിണികൾ/മൈക്രോഫോണുകൾ/മറ്റ് വാദ്യോപകരണങ്ങൾ എന്നിവ അമിത ശബ്ദത്തിൽ ഉപയോഗിക്കുന്നത് കുട്ടികൾ, വൃദ്ധർ, രോഗാവസ്ഥയിലുള്ളവർ തുടങ്ങി എല്ലാവർക്കും ആരോഗ്യ ഭീഷണി മാത്രമല്ല, അപകടങ്ങൾക്കും കാരണമാകുന്നു. ഈ സാഹചര്യത്തിൽ 2000 ലെ ശബ്ദമലിനീകരണം (ക്രമീകരണവും നിയന്ത്രണവും) ചട്ടത്തിലെ വ്യവസ്ഥകൾ എല്ലാ വിഭാഗം ജനങ്ങളും കർശനമായി പാലിക്കുന്നുവെന്ന് നിരീക്ഷിച്ച് ഉറപ്പുവരുത്തുവാനാവശ്യമായ നടപടി സംസ്ഥാന പോലീസ് മേധാവി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
ജോയിന്റ് സെക്രട്ടറി

1. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.